# Prime Requirement of a Mediator is Transparency

*The following is an article that appeared in a local kochi newspaper, Malayala Manorama, 10 July 2013 edition. It has been translated from Malayalam:*

Kochi. The most important quality required in a mediator is transparency according to New Zealand based international mediator Geoff Sharp. These are times when clients are increasingly inquisitive about the credence of mediators. Clients find out about the past (experience) performance of mediators before agreeing to work with them.

Mediation Institutions should have control over their own quality standards. A mediator faces more challenges and obstacles as compared to those by a lawyer. It is very important to form professional bodies to increase awareness about Alternative Dispute Resolution [ADR], he said. He was speaking at a seminar organized by the India International ADR Association.

While the court verdict benefits only one party, the peculiarity of mediation is that it helps to solve the issues of both the parties, said Justice S. Sirijagan. The primary aim of any judicial system is to maintain peace and harmony. Beyond court actions, alternate dispute settlement routes such as mediation help achieve such goals.

However, mediation efforts have only 25 to 30 % success rate in Kerala. This rate should improve to 50-60%. India does not have a law allowing mediation to settle disputes before they reach the courts. This calls for a central law. The central government is expected to come forward with establishment of suitable laws, before long, to meet this requirement, he said. Association President G. Sreekumar and Vice President C.G. Xavier also spoke.

ള വ്യാപാര സ്ഥാപനത്തിന് എതിരെ വ്യാപാരികൾ രംഗത്ത്. ആയിരക്കണക്കിനു ഇരുചക്ര വാഹനങ്ങൾ ആണ് റോഡിന് ഇരുവ

ച്ചു നിർത്തുന്നതെന്ന വ്യാപാരികൾ ആരോപിച്ചു.

മറൈൻ ഡ്രൈവിലും സമീപ പ്രദേശങ്ങളിലും ജോലി ചെയ്യു

ന്നതെ വ്യാപാര സ്ഥാപനങ്ങളിൽ വ്യാപാരത്തിൽ മാസങ്ങളായി ഗണ്യമായ ഇടിവാണുണ്ടാകുന്ന




കൊച്ചിയിൽ ഇന്ത്യ ഇന്റർനാഷനൽ എഡിആർ അസോസിയേഷൻ മീഡിയേഷൻ സെമിനാറിൽ ജെഫ് ഷാർപ് പ്രസംഗിക്കുന്നു. ജി. ശ്രീകുമാർ, ജസ്റ്റിസ് സിരിജഗൻ എന്നിവർ സമീപം.

# 'മീഡിയേറ്റർക്ക് പ്രധാനമായി വേണ്ടത് സുതാര്യത'

കൊച്ചി ● മീഡിയേറ്റർമാർക്ക് ആവശ്യമായ പ്രധാന ഗുണം സുതാര്യതയാണെന്നു ന്യൂസിലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർനാഷനൽ മീഡിയേറ്റർ ജെഫ് ഷാർപ്. മീഡിയേറ്റർമാരുടെ മികവിനെക്കുറിച്ചു കക്ഷികളുടെ അന്വേഷണം വർധിച്ചുവരുന്ന കാലമാണിത്. കക്ഷികൾ മീഡിയേറ്റർമാരുടെ മുൻകാല പ്രവർത്തനം കൂടി പരിശോധിച്ച ശേഷമാണു മീഡിയേഷനു സന്നദ്ധരാകുന്നത്.

മീഡിയേഷൻ സ്ഥാപനങ്ങൾക്കു സ്വന്തം ഗുണനിലവാര നിയന്ത്രണമുണ്ടാകണം. അഭിഭാഷകനെന്ന നിലയിൽ ജോലി ചെയ്തതിനെക്കാൾ വെല്ലുവിളികളും പ്രയാസങ്ങളും മീഡിയേറ്റർ എന്ന നിലയിൽ നേരിടേണ്ടിവരുന്നു. ബദൽ തർക്ക പരിഹാര മാർഗങ്ങളെക്കുറിച്ച് (എഡിആർ) അവബോധം വർധിപ്പിക്കുന്നതിന് പ്രഫഷനൽ സംഘടനകൾ രൂപീകരിക്കുന്നതു പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ ഇന്റർനാഷനൽ എഡിആർ അസോസിയേഷൻ സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

കോടതിവിധികളിലൂടെ ഒരു കക്ഷിക്കു മാത്രം നീതി കിട്ടുമ്പോൾ മീഡിയേഷൻ വഴി ഇരു കക്ഷികൾക്കും പ്രശ്നപരിഹാരം ലഭിക്കുന്നുവെന്ന പ്രത്യേകതയുണ്ടെന്നു ജസ്റ്റിസ് എസ്. സിരിജഗൻ പറഞ്ഞു. ഏതു നീതിന്യായ സംവിധാനത്തിന്റെയും പ്രാഥമിക ലക്ഷ്യം ശാന്തിയും സമാധാനവും നിലനിർത്തുകയാണ്. കോടതി നടപടികളെക്കാൾ, മീഡിയേഷൻ പോലുള്ള ബദൽ തർക്ക പരിഹാര മാർഗങ്ങളാണ് ആ ലക്ഷ്യം നിറവേറ്റുന്നത്.

എന്നാൽ, കേരളത്തിൽ 25 – 30 ശതമാനം വിജയം മാത്രമാണു മീഡിയേഷനു ലഭിക്കുന്നത്. അത് 50 – 60 ശതമാനമായി വർധിക്കണം. ഇന്ത്യയിൽ, തർക്കം കോടതിയിലെത്തും മുൻപേ മീഡിയേഷനിലൂടെ പരിഹരിക്കുന്നതിനു നിയമമില്ല. അതിനായി കേന്ദ്ര നിയമം ആവശ്യമാണ്. വൈകാതെ അത്തരം നിയമ നിർമാണത്തിനു കേന്ദ്ര സർക്കാർ മുന്നോട്ടു വരുമെന്നാണു പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. അസോസിയേഷൻ പ്രസിഡന്റ് ജി. ശ്രീകുമാർ, വൈസ് പ്രസിഡന്റ് അനിൽ സേവ്യർ എന്നിവർ പ്രസംഗിച്ചു.

## ലേലം മാറ്റി

## പരിശീലന ക്ലാസ്